തയ്യാറാകണം. പ്രതിഷേധിക്കാനുള്ള അവസരത്തിൽ ഒരിക്കലും കുറവു വരുത്താൻ ആഗ്രഹിക്കുന്നില്ല. സമരം ചെയ്യാനുള്ള സ്വാതന്ത്ര്യം ആരും ചോദ്യം ചെയ്യപ്പെടുന്നില്ല. പക്ഷെ മറ്റുള്ളവർക്ക് യാത്ര ചെയ്യാനുള്ള അവരുടെ അവകാശം ചോദ്യം ചെയ്യപ്പെടാതിരിക്കാനുള്ള അവസരം ഉണ്ടാകണം. അതിനുവേണ്ടി എല്ലാവരുടേയും സഹായം ഉണ്ടാകണം. 9-ാം തീയതി കൂടുന്ന കോൺഫറൻസിൽ അതിനെക്കുറിച്ച് ഒരു തുറന്ന ചർച്ച നടത്താൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത് സംബന്ധിച്ചുള്ള കോടതി വിധി നേരത്തെതന്നെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും കൊടുത്തിട്ടുണ്ട്.

(3) ഗൾഫ് മേഖലയിൽ സർവ്വീസ് നടത്തുന്ന വിമാനകമ്പനികളുടെ കൊടിയ ചൂഷണത്തിന് പരിഹാരം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, പ്രവാസി മലയാളികളെ ഏറെ അലട്ടുന്ന ഒന്നാണ് അവരുടെ യാത്രാപ്രശ്നം. ഗൾഫ് മലയാളികൾ അധികവും ചുരുങ്ങിയ ശമ്പളത്തിന് ജോലി ചെയ്യുന്നവരാണ്. എയർ ഇൻഡ്യയുടേയും ഇൻഡ്യൻ എയർലൈൻസിന്റേയും വിമാനയാത്രാക്കൂലി താങ്ങാനാകാത്തതുകൊണ്ട് വല്ലപ്പോഴുമെങ്കിലും നാട്ടിൽ വന്ന് മടങ്ങാൻ അവർക്കുണ്ടായിരുന്ന അവസരം പലപ്പോഴും ഇല്ലാതാകുകയാണ്. കേരള സർക്കാരിന്റേയും വിവിധ സംഘടനകളുടേയും സമ്മർദ്ദത്തെത്തുടർന്ന് യാത്രാക്കൂലിയിൽ 15 ശതമാനം മുതൽ 50 ശതമാനം വരെ ഇളവോടുകൂടി 'എയർ ഇൻഡ്യ എക്സ്പ്രസ്സ്' എന്ന പ്രത്യേക വിമാന സർവ്വീസ് തുടങ്ങിയെങ്കിലും അവർ ഗൾഫ് യാത്രക്കാരെ തന്ത്രപരമായി കബളിപ്പിക്കുന്നതായിട്ടാണ് ഇന്ന് ഏറെ പരാതിയുണ്ടായിട്ടുള്ളത്. 'എയർ ഇൻഡ്യ എക്സ്പ്രസ്സ്' തുടങ്ങാൻ തീരുമാനിച്ചപ്പോൾത്തന്നെ എയർ ഇൻഡ്യയിലെ പ്രധാന യൂണിയനായ ശിവസേനയുടെ യൂണിയൻ ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കുകയുണ്ടായി. എയർ ഇൻഡ്യ എക്സ്പ്രസ്സിന്റെ ലക്ഷ്യത്തെ തകർക്കാൻ ഉന്നതതല ഗൂഢാലോചനയും നടന്നിരുന്നതായി വാർത്തകൾ ഉണ്ടായിരുന്നു. ഇതിന്റെ അപാകത പരിഹരിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. സൗദി അറേബ്യയിലാണ് ഇന്ന് ഏറ്റവും കൂടുതൽ മലയാളികൾ ഉള്ളത്. സൗദി അറേബ്യയിൽ നിന്ന് എയർ ഇൻഡ്യ എക്സ്പ്രസ്സ് തുടങ്ങാൻ വേണ്ട സൗകര്യമുണ്ടാക്കണം. ഒരു കാര്യം കൂടി പറയാനുണ്ട്. ഓണത്തിനും ഗൾഫിലെ സ്കൂളുകൾ തുറക്കുന്ന സന്ദർഭങ്ങളിലുമാണ് ഏറ്റവും കൂടുതൽ ആളുകൾ ഈ സെക്ടറിൽ യാത്ര ചെയ്യുന്നത്; പ്രത്യേകിച്ച് ആഗസ്റ്റ് മാസത്തിൽ. ഈ സാഹചര്യത്തിലാണ് ഇപ്പോൾ എയർ ഇൻഡ്യ എക്സ്പ്രസ്സിന്റെ നിരക്ക് വർദ്ധിപ്പിച്ച് തുടങ്ങിയത്. 3,250 രൂപയ്ക്ക് ഓരാൾക്ക് യാത്ര ചെയ്യാൻ പറ്റുമെന്നാണ് എയർ ഇൻഡ്യ പറയുന്നത്. 181 സീറ്റുകൾ ഉള്ളതിൽ 60 സീറ്റുകളിലേക്ക് 50 ശതമാനം ഇളവും ബാക്കി 60 സീറ്റുകളിലേക്ക് 30 ശതമാനം ഇളവും ബാക്കി വരുന്ന 61 സീറ്റിലേക്ക് 15 ശതമാനം ഇളവും ഉൾപ്പെടെ എയർ ഇൻഡ്യ എക്സ്പ്രസ്സിലെ നിരക്ക് 3,250 രൂപ മുതൽ 6,500 രൂപവരെയായി നിജപ്പെടുത്തിയിരുന്നു. ചില സീസണിൽ അതായത് ഏറ്റവും കൂടുതൽ യാത്രക്കാർ ഉള്ള സീസണിൽ 12,000 രൂപവരെ ഈടാക്കുകയാണ്. ഗൾഫ് യാത്രക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായ ഇടപെടൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഗൾഫ് മലയാളികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഗൾഫിലേക്കുള്ള അമിതമായ വിമാനക്കൂലിയും വിമാനങ്ങളുടെ കുറവുമാണ്. അതുകൊണ്ട് സംസ്ഥാനത്ത് മൂന്ന് എയർപോർട്ടുകൾ വന്നു. ആ മൂന്ന് എയർപോർട്ടുകളിലേക്കും ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള സർവീസുകൾ വന്നു. ആ മാറ്റങ്ങൾ പ്രധാനപ്പെട്ടതാണ്. ചെലവുകുറച്ച് സൗകര്യപ്രദമായ യാത്ര ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെൻറ് നിരന്തരമായി പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് എയർ ഇൻഡ്യ എക്സ്പ്രസ്സ് തുടങ്ങിയത്. ഒരു കാലത്ത് എയർ ഇൻഡ്യ അത് സാദ്ധ്യമല്ല എന്ന് പറഞ്ഞ് തള്ളിക്കളഞ്ഞതാണ്. പക്ഷെ നിരന്തരമായി സമ്മർദ്ദം ചെലുത്തി അത് തുടങ്ങി. അതിൽ ആശ്വാസമുണ്ട്; സന്തോഷമുണ്ട്. പക്ഷെ ഉദ്ദേശിച്ച രീതിയിലുള്ള പ്രയോജനം അതിന് വന്നിട്ടില്ല. എയർ ഇൻഡ്യ എക്സ്പ്രസ്സിന് അതിന്റെ തുടക്കത്തിലേ പല വിധത്തിലുള്ള അപാകതകളും ഉണ്ട്, കുറവുകളുണ്ട്. അത് പരിഹരിക്കാൻവേണ്ടി നാഷണൽ ഡെവലപ്മെൻറ് കൗൺസിൽ മീറ്റിംഗിനുപോയ അവസരത്തിൽ സിവിൽ ഏവിയേഷൻ മന്ത്രിയെ നേരിട്ട് കണ്ട് ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ശ്രീ. പ്രതാപൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗൗരവത്തോടുകൂടി ഗവൺമെൻറ് പരിഗണിക്കും. ഇതു സംബന്ധിച്ച രണ്ടു കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിലുണ്ട്. എയർ ഇൻഡ്യ എക്സ്പ്രസ്സ് ഏറ്റവും കാര്യക്ഷമതയോടുകൂടി പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നതോടൊപ്പം ഇത് സംബന്ധിച്ചുള്ള രണ്ടു കാര്യങ്ങൾക്കുകൂടി ശ്രമിക്കുന്നുണ്ട്. ഒന്ന്, എയർ അറേബ്യയുടെ സർവീസ് കേരളത്തിനു തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അന്താരാഷ്ട്ര രൂട്ടിൽ ഇന്ന് ഏറ്റവും ചെലവുകുറഞ്ഞ രീതിയിൽ സർവീസ് നടത്തുന്ന ഒരു വിമാന കമ്പനി എയർ അറേബ്യയാണ്. അവർക്ക് ഇതുവരെ ഗൾഫിലേക്ക് ലൈസൻസ് കൊടുത്തിട്ടില്ല. അത് കേരളത്തിൽ നിന്ന് ഗൾഫിലേക്ക് കൊടുക്കണമെന്ന ആവശ്യം നമ്മൾ ഉന്നയിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള സമ്മർദ്ദം തുടരും. രണ്ടാമത്തെ കാര്യം സംസ്ഥാന ഗവൺമെൻറ് മുൻകൈയെടുത്ത് ചെലവു കുറഞ്ഞ ഒരു വിമാന സർവീസ്, അതായത് ഒരു വിമാന കമ്പനിയുണ്ടാക്കി വിമാന സർവീസ് നടത്തുന്നതിനുള്ള നടപടികളുമായിട്ട് മുന്നോട്ടുനീങ്ങുകയാണ്. അത് സംബന്ധിച്ച് ഡീറ്റെയിൽഡായിട്ടുള്ള സ്റ്റഡി നടത്താൻവേണ്ടി നെടുമ്പാശ്ശേരി കമ്പനിയെ അതായത് സിയാലിനെ (CIAL) ഏൽപ്പിച്ചു. അതിന്റെ റിപ്പോർട്ട് മൂന്ന് മാസത്തിനകം കിട്ടും. റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ സ്വന്തമായ ഒരു വിമാന സർവീസ് ഗൾഫ് രാജ്യങ്ങളിലേക്ക് നടത്തുന്നതിന് ഗവൺമെൻറ് ശ്രമിക്കും. അതിനുവേണ്ടി ഏറ്റവും കൂടുതൽ പ്രചോദനം നൽകിയത് നെടുമ്പാശ്ശേരി എയർപോർട്ട് എന്ന സംരംഭത്തിന്റെ വിജയമാണ്. അതുകൂടി വന്നാൽ മാത്രമേ ഗൾഫിലെ മലയാളികളോട് നീതി പുലർത്താൻ സാധിക്കൂ. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തും.

(4) പടന്നക്കാട് കാർഷിക കോളേജിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

ശ്രീ. എം. കുമാരൻ: സർ, എന്റെ മണ്ഡലത്തിലെ പടന്നക്കാട് കാർഷിക കോളേജിൽ അദ്ധ്യാപകരുടെ ക്ഷാമം നേരിടുകയാണ്. പ്രൊഫസർമാർ ഇല്ലാത്തതുകൊണ്ട് അവിടെ വേണ്ടവിധത്തിലുള്ള ടീച്ചിംഗ് നടക്കുന്നില്ല. 64 തസ്തികകൾ ഉള്ളിടത്ത് 16 ജീവനക്കാർ മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly